**AIRRBEA സമ്മേളനം ഗുവഹാട്ടിയിൽ സമാപിച്ചു.**

ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ അഖിലേന്ത്യ സംഘടനയായ ആൾ ഇന്ത്യ റീജിയണൽ റൂറൽ ബാങ്ക് എംപ്ലോയീസ് അസോസിയേഷന്റെ (AIRRBEA) പതിനാലാമത് അഖിലേന്ത്യ സമ്മേളനം ആസ്സാമിലെ ഗുവാഹത്തിയിൽ വെച്ച് ഡിസംബർ 11, 12 തീയതികളിൽ ആയി നടന്നു.ആൾ ഇന്ത്യ കിസാൻ സഭ ജോയിന്റ് സെക്രട്ടറിയും കർഷക സമര മുന്നണിപ്പോരാളിയുമായ സ. വിജൂ കൃഷ്ണനാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്.ഗ്രാമീണ ബാങ്ക് മേഖലയിൽ നാഷണൽ റൂറൽ ബാങ്ക് ഓഫ് ഇന്ത്യ രൂപീകരിക്കുക, ദിവസ വേതനക്കാരെ സ്ഥിരപ്പെടുത്തുക, ഗ്രാമീണ ബാങ്ക് സ്വകാര്യ വൽക്കരണ നീക്കം ഉപേക്ഷിക്കുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു.




എസ് വെങ്കിടേശ്വര റെഡ്ഢി (ആന്ധ്രാപ്രദേശ് ) സെക്രട്ടറി ജനറൽ ആയും സി രാജീവൻ (കേരള) പ്രസിഡന്റ് ആയും സമ്മേളനത്തിൽ തിരഞ്ഞെടുക്കപ്പെട്ടു. കേരളത്തിൽ നിന്നും മിഥുൻ സി (അസിസ്റ്റന്റ് ജനറൽ സെക്രട്ടറി), കെ ജി മദനൻ (കൺവീനർ, ലീഗൽ കമ്മിറ്റി) മീന എൻ (കൺവീനർ, വനിത സബ് കമ്മിറ്റി), സ. എൻ സുരേഷ് (വൈസ് പ്രസിഡന്റ്, NFRRRBS)എന്നിവരെ അഖിലേന്ത്യാ ഭാരവാഹികളായി തിരഞ്ഞെടുത്തു.

അനൂപ് ടി ജി, ബിഗേഷ് ഉണ്ണിയൻ, രാജേഷ് പി,സി പി നരേന്ദ്രൻ (NFRRRBS) എന്നിവരെ കേന്ദ്ര കമ്മിറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു.

AIRRBEA വനിതാ സബ് കമ്മിറ്റി അംഗങ്ങതിരഞ്ഞെടുത്ത കേരള യൂണിറ്റിൽ നിന്നും സഖാക്കൾ ശ്രീജ എം , സ്വാതി എം എന്നിവരെ തെരഞ്ഞെടുത്തു.